# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം. **2390**

19 .06.2013 - ൽ മറുപടിയ്ക്ക്

## ആയുർവ്വേദ മരുന്നുകളെക്കുറിച്ചുള്ള ഗവേഷണങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ.വി.എസ്.ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) കേരള സർക്കാരിന്റെ കീഴിൽ ആയുർവേദ മരുന്നുകളെക്കുറിച്ച് എന്തെല്ലാം ഗവേഷണങ്ങൾ നടത്തുന്നുണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) തിരുവനന്തപുരം ഗവൺമെന്റ് ആയുർവേദ കോളേജിന്റെ നിയന്ത്രണത്തിലുള്ള ഡ്രഗ് സ്റ്റാന്റൈഡെസേഷൻ യൂണിറ്റിൽ ഔഷധ സസ്യങ്ങളുടേയും ആയുർവേദ മരുന്നുകളുടേയും സ്റ്റാന്റൈഡെസേഷനിൽ ഗവേഷണം നടത്തിവരുന്നു. മരുന്നുകളുടെ സ്റ്റാന്റൈഡെസേഷനുവേണ്ടി, അവയിൽ അടങ്ങിയിരിക്കുന്ന പരാമീറ്ററുകളുടെ സാന്നിദ്ധ്യം ഗവേഷണത്തിലൂടെ കണ്ടുപിടിക്കുന്നു. ലോകാരോഗ്യ സംഘടന നിർദ്ദേശിക്കുന്ന അളവിൽ കൂടുതൽ ലോഹങ്ങളുടെ സാന്നിദ്ധ്യം മരുന്നുകളിൽ ഉണ്ടോ എന്ന് ആധുനിക ഉപകരണങ്ങളുടെ സഹായത്തോടെ കണ്ടെത്തുന്നു.<br><br>'ഔഷധി' നടത്തുന്ന ഗവേഷണങ്ങൾ ചുവടെ ചേർക്കുന്നു :-<br><br>1) ആയുർവേദ ഔഷധ നിർമ്മാണത്തിനുപയോഗിക്കുന്ന ഔഷധ സസ്യങ്ങളുടെയും തിരഞ്ഞെടുത്ത ആയുർവേദ ഔഷധങ്ങളുടേയും രസായന ഗുണങ്ങളെക്കുറിച്ചുള്ള സംയോജിത |

ഗവേഷണ പദ്ധതി, കേരള
അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയുടെ
റീജ്യണൽ അനാലിറ്റിക്കൽ
ലബോറട്ടറി ഓടക്കാലിയുമായി
2008-2010 കാലയളവിൽ കേന്ദ്ര
സർക്കാരിന്റെ കീഴിലുള്ള
നാഷണൽ മെഡിസിനൽ പ്ലാന്റ്സ്
ബോർഡിന്റെ സാമ്പത്തിക
സഹായത്തോടെ നടത്തിയിട്ടുണ്ട്.

2) ആയുർവേദ ചികിത്സയിൽ
ഉപയോഗിക്കുന്ന
ആസവാരിഷ്ടങ്ങളുടെ
നിർമ്മാണത്തിലെ അഭിവാജ്യ
ഘടകമായ താതിരിപ്പൂവ് എന്ന
അസംസ്കൃത വസ്തുവിനെക്കുറിച്ചുള്ള
ഗവേഷണം ശ്രീബുദ്ധ കോളേജ്
ഓഫ് എൻജിനിയറിംഗിന്റെ
(പാറ്റൂർ) ബയോ-കെമിസ്ട്രി-
ബയോ ടെക്നോളജി
ഡിപ്പാർട്ടുമെന്റുമായി സഹകരിച്ച്
നടപ്പാക്കിക്കൊണ്ടിരിക്കുന്നു. ടി
പദ്ധതിയും കേന്ദ്ര സർക്കാരിന്റെ
കീഴിലുള്ള നാഷണൽ
മെഡിസിനൽ പ്ലാന്റ്സ്
ബോർഡിന്റെ
സഹായത്തോടെയാണ്
നടപ്പാക്കുന്നത്.

3) തിരുവനന്തപുരം ട്രോപ്പിക്കൽ
ബൊട്ടാണിക്കൽ ഗാർഡൻ &
റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടുമായി
സഹകരിച്ച് കരൾ
രോഗനിയന്ത്രണത്തിനായുള്ള ഒരു
പുതിയ ഔഷധം
വികസിപ്പിക്കുന്നതിനുള്ള
ഗവേഷണം നടന്നുവരുന്നു.

4) ഔഷധിയുടെ ഉൽപ്പന്നമായ
പ്രമേഹൗഷധി, വിഗർപ്ലസ്, ലിപോ
കെയർ, കാർഡോ കെയർ,
തുടങ്ങിയവ ഔഷധിയുടെ
ഗവേഷണ വിഭാഗമാണ്
തയ്യാറാക്കുന്നത്. കഷായ

രൂപത്തിലുള്ള മരുന്നുകൾ ഗുളിക രൂപത്തിലാക്കുന്നതിനും സന്ധിവേദനയ്ക്ക് ഒരു പുതിയ മരുന്ന് കണ്ടുപിടിക്കുന്നതിനുമുള്ള ഗവേഷണം നടന്നുവരുന്നു.

(ബി) ആയുർവേദ മരുന്നുകളെ ക്കുറിച്ച് സ്ഥിരം ഗവേഷണം നടത്തുന്നതിന് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത നേതൃത്വത്തിൽ എന്തെങ്കിലും പദ്ധതികൾ പരിഗണനയിലുണ്ടോ;

(സി) എങ്കിൽ, വിശദാംശങ്ങൾ നൽകുമോ ?

(ബി) & (സി) ഉണ്ട്. ആസവാരിഷ്ട നിർമ്മാണത്തിന് നൂതന ശാസ്ത്ര സാങ്കേതിക വിദ്യയനുസരിച്ചുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് ഗവേഷണാടിസ്ഥാനത്തിൽ വിലയിരുത്തി പ്രായോഗികതയെക്കുറിച്ച് പഠിച്ചുവരുന്നു. ആയതിന് 20 ആസവാരിഷ്ടങ്ങൾ തിരഞ്ഞെടുത്തിട്ടുണ്ട്. അതു കൂടാതെ ഭസ്മങ്ങളുടെ നിർമ്മാണത്തെ കൂടുതൽ വിപുലമാക്കി ഘന ലോഹങ്ങളുടെ പരിധി ഉറപ്പാക്കിക്കൊണ്ട് കൂടുതൽ രാസ ഔഷധങ്ങൾ നിർമ്മിക്കുന്നതിനുള്ള ഗവേഷണവും നടന്നുവരുന്നു. സെന്റർ ഓഫ് എക്സലൻസ് പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്ര സർക്കാരിന്റെ ധന സഹായത്തോടെയാണ് ഗവേഷണം പുരോഗമിക്കുന്നത്.

സെക്ഷൻ ഓഫീസർ